# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.254** **28.05.2019 - ൽ മറുപടിയ്ക്ക്**

**കിഡ്നി രോഗികൾക്കുള്ള മരുന്നിന്റെ ലഭ്യത**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കിഡ്നി മാറ്റി വെച്ച രോഗികൾക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ജില്ലാ ആശുപത്രികളിൽ ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) മലപ്പുറം ജില്ലയിലെ തിരൂർ, പെരിന്തൽമണ്ണ തുടങ്ങിയ ആശുപത്രികളിലും ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ലഭ്യമല്ലെന്നും പകരം മരുന്നുകളാണ് നൽകുന്നതെന്നുമുള്ള കാര്യം പരിശോധിക്കുമോ ;<br>(സി) രോഗിയുടെ ആരോഗ്യ നിലയും രോഗാവസ്ഥയും അടിസ്ഥാനമാക്കി ഡോക്ടർ എഴുതി നൽകുന്ന മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും (സി) യും | സർക്കാരിന്റെ ജനറിക് നയം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അവശ്യമരുന്നു പട്ടികയിലുൾപ്പെട്ട മരുന്നുകളുടെ ജനറിക് മോളിക്യൂളുകളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം നടത്തിവരുന്നത്. വൃക്ക മാറ്റിവച്ച രോഗികൾക്കുള്ള ചികിത്സയ്ക്കായി ഉപയോഗിക്കുന്ന Cyclosporine Cap.IP 100mg, Mycophenolate Mofetil Tab IP 500mg, Tacrolimus Cap IP 1mg എന്നീ മരുന്നുകൾ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തിവരുന്നുണ്ട്. |
| (ഡി) ജില്ലാ ആശുപത്രികളിൽ കിഡ്നി രോഗികൾക്കുവേണ്ടി ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ വാങ്ങുവാൻ മെഡിക്കൽ സപ്ലൈസ് കോർപ്പറേഷനും ബന്ധപ്പെട്ട അധികൃതർക്കും നിർദ്ദേശം നൽകുമോ;<br>(ഇ) കിഡ്നി രോഗികൾക്ക് ജില്ലാ ആശുപത്രികളിലും ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ലഭ്യമല്ലെന്നും താലൂക്ക് ആശുപത്രികളിൽ കൂടി മരുന്നു ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് മലപ്പുറം ഡി.എം.ഒ യ്ക്ക് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ | (ഡി) യും (ഇ) യും | സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചികിത്സയ്ക്കാവശ്യമായി വരുന്ന 246 ഇനം മരുന്നു പട്ടിക 06.10.2017 ലെ സ.ഉ.(സാധാ)നം.2749/2017/ആകുവ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയവ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി മരുന്നു പട്ടികയിൽ കിഡ്നി മാറ്റിവച്ച രോഗികൾക്കായുള്ള മൂന്നിനം മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ട്. വൃക്കമാറ്റിവെയ്ക്കൽ ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ ടി മരുന്നുകൾ സൗജന്യമായി നൽകി വരുന്നുണ്ട്. വൃക്ക രോഗവുമായി ബന്ധപ്പെട്ട രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായി വരുന്ന Clonidine Tab IP 100Mcg എന്ന ഗുളിക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി നൽകി വരുന്നു. |

സെക്ഷൻ ആഫീസർ